"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം തഹസീൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി ആര് എഫ് -എ) വകുപ്പ്

G.O.(Rt)No.2971/2021/RD തീയതി,തിരുവനന്തപുരം, 03/09/2021

---

പരാമർശം:- തിരുവനന്തപുരംജില്ലാകളക്ടറുടെ 28.04.21, .08.2021 തീയതികളിലെഎ5/ 33118 4/2021 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ ലിൻ എന്നയാൾ 05.05.2020 ൽ കടലിൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ ഇടിമിന്നലേറ്റ് മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ കുടുംബത്തിന് അടിയന്തിര ധനസഹായമായി തിരുവനന്തപുരം തഹസിൽദാരുടെ Cash Chest - ൽ നിന്നും 10000/- രൂപ അനുവദിച്ചു. ആയതിനാൽ തഹസിൽദാരുടെ Cash Chest - ക്രമീകരിക്കുന്നതിനായി സർക്കാരിൽ നിന്നും ടി തുക അനുവദിക്കുകയോ CMDRF -ൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ടി തുക മാറ്റി നൽകുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുകയോ ചെയ്യണമെന്ന് പരാമർശം കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം തഹസീൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും മേൽ ആവശ്യത്തിനായി ചെലവായ 10,000/- (പതിനായിരം ) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചും ജില്ലാകളക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവ പുറപ്പെടുവിക്കുന്നു.

3. ടി 10,000/- (പതിനായിരം ) രൂപ 2075-00-800- 40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rari Rajan
Special Secretary

ജില്ലാ കളക്ടർ, തിരുവനന്തപുരം.

തഹസിൽദാർ , തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ധനകാര്യ ( ഫണ്ട്സ്) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ